**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2140** **01-09-2022 - ൽ മറുപടിയ്ക്ക്**

**ആരോഗ്യവകുപ്പിലെ ഉന്നത തസ്തികകളിലെ സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യവകുപ്പിലെ ഉന്നത തസ്തികകളിലെ സ്ഥാനക്കയറ്റങ്ങൾ അനുവദിക്കുന്നതിനും ക്രമാനുഗതമായി ഉണ്ടാകുന്ന ഒഴിവുകളിൽ കാലതാമസം കൂടാതെ നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കാമോ; | (എ) | ആരോഗ്യവകുപ്പിലെ ഉന്നത തസ്തികകളിലെ സ്ഥാനക്കയറ്റങ്ങൾ കാലതാമസം കൂടാതെ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ജനറൽ കേഡറിൽ സിവിൽ സർജന്മാരുടെ തസ്തികയിലെ ഒഴിവുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; അസിസ്റ്റന്റ് സർജന്മാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സിവിൽ സർജൻ തസ്തികയിലെ ഒഴിവുകളുടെ എണ്ണം - 13<br><br>അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകളുടെ എണ്ണം - 37 |
| (സി) | സ്പെഷ്യാലിറ്റി കേഡറിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, അനസ്തേഷ്യ തുടങ്ങിയ വിഭാഗങ്ങളിൽ നിലവിലുള്ള ഒഴിവുകളുടെ വിവരങ്ങൾ അറിയിക്കാമോ; | (സി) | സ്പെഷ്യാലിറ്റി കേഡറിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, അനസ്തേഷ്യ തുടങ്ങിയ വിഭാഗങ്ങളിൽ നിലവിലുള്ള ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| 1 | ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ | 9 |
| 2 | കൺസൾട്ടന്റ്, ജനറൽ മെഡിസിൻ | 10 |
| 3 | സീനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ | 2 |
| 4 | ചീഫ് കൺസൾട്ടന്റ്, ജനറൽ മെഡിസിൻ | 1 |
| 5 | ജൂനിയർ കൺസൾട്ടന്റ്, ജനറൽ സർജറി | 12 |
| 6 | കൺസൾട്ടന്റ്, ജനറൽ സർജറി | 12 |
| 7 | സീനിയർ കൺസൾട്ടന്റ്, ജനറൽ സർജറി | 1 |
| 8 | കൺസൾട്ടന്റ്, ഗൈനക്കോളജി | 5 |
| 9 | സീനിയർ കൺസൾട്ടന്റ്, ഗൈനക്കോളജി | 1 |

| | | |
|---|---|---|
| 10 | ചീഫ് കൺസൾട്ടന്റ്, ഗൈനക്കോളജി | 1 |
| 11 | ജൂനിയർ കൺസൾട്ടന്റ്, അനസ്തേഷ്യ | 2 |
| 12 | കൺസൾട്ടന്റ്, അനസ്തേഷ്യ | 4 |
| 13 | സീനിയർ കൺസൾട്ടന്റ്, അനസ്തേഷ്യ | 1 |
| 14 | ചീഫ് കൺസൾട്ടന്റ്, അനസ്തേഷ്യ | ഇല്ല |

| | | | |
|---|---|---|---|
| (ഡി) | ഡോക്ടർമാരുടെ പൊതു സ്ഥലംമാറ്റത്തിനുള്ള പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ; | (ഡി) | 2021 – ലെ പൊതുസ്ഥലംമാറ്റം നടപ്പാക്കി ഉത്തരവും പട്ടികയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ഇ) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കാത്തതിനാൽ ഡോക്ടർമാരുടെഓഫീസിൽടെ പ്രൊബേഷൻ പാസ്സാക്കൽ, സർവ്വീസ് റെഗുലറൈസേഷൻ, പോലീസ് വെരിഫിക്കേഷൻ തുടങ്ങിയ സേവനങ്ങളിൽ കാലതാമസം ഉണ്ടാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ഇല്ല. ആഗസ്റ്റ് 1 മുതൽ ഇ ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. |
| (എഫ്) | അസിസ്റ്റന്റ് സർജൻ റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കാറായ സാഹചര്യത്തിൽ പ്രസ്തുത റാങ്ക് പട്ടികയിൽ നിന്നും നിലവിലെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (എഫ്) | അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകളെല്ലാം യഥാസമയം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ